II ഇ.ബി. XV- കേരള നിയമസഭ/XIII-15

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 21, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

66(*421) സമന്വയം പദ്ധതി

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് 'സമന്വയം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും പദ്ധതി പൂർത്തീകരിക്കുന്നതോടെ ഒരു ലക്ഷം

പേർക്ക് തൊഴിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച് പരിശീലനം നൽകി രജിസ്ട്രേഷൻ ക്യാമ്പുകൾ, തൊഴിൽദാന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിപ്രകാരം വിവിധ രജിസ്ട്രേഷൻ ക്യാമ്പുകളിലായി നാലായിരത്തിലധികം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും ക്ലസ്റ്ററുകൾ രൂപീകരിക്കുന്ന നടപടി പുരോഗമിച്ചുവരികയുമാണ്. വിവിധ ഉദ്യോഗസ്ഥർ, ജില്ലാതല നോഡൽ ഓഫീസർമാർ എന്നിവരെ നിയോഗിച്ച് പദ്ധതിയുടെ ഏകോപനം ഉറപ്പുവരുത്തിയിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തുല്യനീതി ഉറപ്പാക്കുന്നതിന് വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, വിവാഹ പൂർവ കൗൺസിലിംഗ്, വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പരിപാടികൾ, വിവിധ സ്കോളർഷിപ്പുകൾ എന്നിവയ്ക്കുപുറമെ പി.എസ്.സി./യു.പി.എസ്.സി./ ബാങ്കിങ് പരീക്ഷകളിൽ സൗജന്യ പരിശീലനം നൽകുന്നതിന് 24 യുവജനപരിശീലന കേന്ദ്രങ്ങളും 27 ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. യു.ജി.സി./നെറ്റ് പരീക്ഷകൾക്ക് പരിശീലനം നൽകുന്ന

പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം ഇതുവരെ 550 പേർക്ക് പരിശീലനം നൽകുകയും റെഗുലർ, ഫുൾ റിസർച്ച് പ്രോഗ്രാമുകളിലേർപ്പെട്ടിരിക്കുന്ന ന്യൂനപക്ഷ സമുദായ വിദ്യാർഥികൾക്ക് ഫെലോഷിപ് നൽകുന്നതിന് അടുത്ത സാമ്പത്തിക വർഷത്തേക്ക് 6 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 'മാർഗദീപം' പദ്ധതിപ്രകാരം 287139 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ് പദ്ധതിപ്രകാരം ഉറുദു ഒന്നും രണ്ടും ഭാഷയായി പഠിച്ച് മുഴുവൻ വിഷയങ്ങൾക്കും A+ നേടുന്ന എസ്.എസ്.എൽ.സി./ഹയർസെക്കൻഡറി വിദ്യാർഥികൾക്ക് ക്യാഷ് അവാർഡുകൾ നൽകിവരുന്നുണ്ടെന്നും ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതിപ്രകാരം 515 വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്നും ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

67(*422) വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്ക് ഓട്ടോമേറ്റഡ് സംവിധാനം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ Build-Own-Operate-Revenue Share മോഡലിൽ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ (ATS) സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ 19 സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണെന്നും നിർമ്മാണം നടന്നുവരുന്നതും പൂർത്തിയായതുമായ ATS-കൾ അപ്ഗ്രേഡ് ചെയ്ത് തുടർ പരിപാലനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സുരക്ഷിതമായ ഡ്രൈവിംഗ് ശീലങ്ങൾ വികസിപ്പിക്കുക, റോഡ് സുരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, മികച്ച ഡ്രൈവർ/പരിശീലന ഇൻസ്ട്രക്ടർ എന്നിവരെ സൃഷ്ടിക്കുക, ലൈസൻസിങ് എളുപ്പമാക്കുക എന്നിവ സാധ്യമാക്കുന്നതിന് അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ (ADTC) സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഓട്ടോമേറ്റഡ് ടെസ്റ്റിങിലൂടെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന സുതാര്യമാക്കുന്നതിനും

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അപകട സാധ്യത കുറയ്ക്കുന്നതിനും സാധിക്കുമെന്നും മികച്ച പരിശീലനം നൽകി നല്ല ഡ്രൈവിങ് സംസ്കാരം വാർത്തെടുക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകൾവഴി ശ്രമിക്കുന്നതെന്നും നിലവിൽ 21 കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും എം.എൽ.എ.-മാർ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ ഡ്രൈവിങ് സ്കൂളുകൾ അനുവദിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതാണെന്നും വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന വേഗത്തിലാക്കുന്നതിന് സബ് ആർ.ടി.ഓഫീസുകൾ വഴി സൗകര്യമൊരുക്കുന്നതാണെന്നും 2025 ജൂൺ 1-ാം തീയതിക്കുമുമ്പ് സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ലൈസൻസ് ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

68(*423) <u>വിദേശ പഠന റിക്രൂട്ടിങ് ഏജൻസികൾ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു)

നൽകിയ മറുപടിയിൽ, സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കൺസൾട്ടൻസികൾ മുഖേന കബളിപ്പിക്കപ്പെട്ടതായുള്ള പരാതികളുടെയും ഹൈക്കോടതി നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ബിൽ പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. റിക്രൂട്ടിങ് ഏജൻസികളുടെ വിശ്വാസ്യത സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിദേശ വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് ഒഡെപെക്, അസാപ്, കെ-ഡിസ്ക് എന്നിവ മുഖേന വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലവസരങ്ങളെക്കുറിച്ച് മാർഗനിർദേശം നൽകുന്നതാണ്. 'Study in Kerala' പദ്ധതിയിലൂടെ കോളേജ്/സർവകലാശാല തലങ്ങളിൽ ബോധവൽക്കരണം നൽകി സ്റ്റുഡന്റ്സ് മൈഗ്രേഷൻ റേറ്റ് കുറയ്ക്കാനും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കാനും

സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. വിദേശത്തേക്ക് പോകുന്ന വിദ്യാർഥികളെ നോർക്ക മുഖാന്തരം രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തീകരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6000 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുണ്ടെന്നും മികച്ച അക്കാദമിക/ലാബ് കോംപ്ലക്സുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, ലൈബ്രറികൾ എന്നിവ സാധ്യമാക്കി ഉന്നതവിദ്യാഭ്യാസ മേഖലയെ ഒരു ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

69(*424) <u>കൃഷിയുമായി ബന്ധപ്പെട്ട യോഗങ്ങളുടെ ലൈവ് സ്ട്രീമിങ്</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമാക്കിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും ജനകീയവും സുതാര്യവുമാക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിങ് ചെയ്യുന്നതിനായി 'Virtual Engagement for Leveraging Interactive Community Honed Agriculture

Management (VELICHAM)' എന്ന പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് യോഗങ്ങൾ തത്സമയം വീക്ഷിച്ച് വിവിധ പദ്ധതികൾ/നയങ്ങൾ എന്നിവയെക്കുറിച്ച് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ടെന്നും അതുവഴി ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പദ്ധതി നിർവഹണം, നയരൂപീകരണം എന്നിവയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും പ്രവർത്തന സുതാര്യത കൈവരിക്കുന്നതിനും സാധിക്കുമെന്നും സഭയെ അറിയിച്ചു. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുക, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ടുള്ള അറിവ് നൽകുക, പൊതുജനപങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക, പൊതുജനങ്ങളിൽ പ്രതീക്ഷയും വിശ്വാസവും വളർത്തിയെടുക്കുക എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാനതല സ്റ്റിയറിങ്/നിർവഹണ/നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുകയും യോഗങ്ങളുടെ പ്രവർത്തനം വിലയിരുത്തി പിന്തുണ ഉറപ്പാക്കുന്നതിന് സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കുന്നതിന് കാർഷിക

വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ ഐ.ടി സെൽ-ന്റെ പിന്തുണയും സാങ്കേതിക സഹായവും ഉറപ്പാക്കി വ്യക്തിഗത വിവര സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിച്ച് പദ്ധതിയുടെ ചിത്രീകരണവും പ്രക്ഷേപണ നിർവഹണവും ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം നടപ്പിലാക്കുന്നതും യോഗങ്ങളുടെ ഷെഡ്യൂളുകൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റ്, വിവിധ സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്നതുമാണ്. 'വെളിച്ചം' പദ്ധതിയിലൂടെ 13 മീറ്റിംഗുകൾ നാളിതുവരെ ലൈവ് സ്ട്രീമിങ് നടത്തിയിട്ടുണ്ടെന്നും 2025 ഏപ്രിൽ 1 മുതൽ കൃഷി/മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുടെ യോഗങ്ങൾ തത്സമയ സംപ്രേഷണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തെ കൃഷിഭവനുകളെ വിലയിരുത്തുന്നതിന് Assessment for Nurturing and Uplifting Beneficiary Happiness and Agricultural Visitor Assessment Mechanism (ANUBHAVAM) പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ, ഡിജിറ്റലായി ലഭ്യമാക്കുന്നതിന് 'കതിർ' എന്ന ആപ്പ് തയ്യാറാക്കുകയും 'ആശ്രയ' കർഷകസേവന കേന്ദ്രങ്ങൾ

രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

70(*425) <u>കെ.എസ്.ആർ.ടി.സി.-ക്കായി പുതിയ ബസുകൾ വാങ്ങാൻ നടപടി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസുകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ശ്രേണിയിലുള്ള 532 ബസ്സുകൾ വാങ്ങുന്നതിന് ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ടെന്നും വിതരണ ഉത്തരവ് നൽകിയ 158 ബസുകൾ മൂന്ന് മാസങ്ങൾക്കുള്ളിൽ നിരത്തിലിറക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. 27 എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള സൂപ്പർ ഡീലക്സ്, മിന്നൽ ശ്രേണിയിൽപ്പെട്ട ബസ്സുകൾ കുറഞ്ഞ ചെലവിൽ സമഗ്രമായി നവീകരിച്ച് പുതിയ ദീർഘദൂര സർവീസുകൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിനുപുറമെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ വാങ്ങി ഫ്ലീറ്റ് നവീകരിക്കുന്നതിനുള്ള പദ്ധതികളും നടന്നുവരുന്നു. 2022-2025 കാലയളവിൽ ആധുനിക ശ്രേണിയിലുള്ള 282 ബസ്സുകൾ ലഭ്യമാക്കി ദീർഘദൂര സർവീസുകൾക്ക്

ഉപയോഗിച്ചുവരുന്നുണ്ട്. പത്തു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ 1537 ബസ്സുകൾ പുതിയതായി വാങ്ങുകയും 2257 ബസ്സുകൾ ലേലം ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡിന് ശേഷം നിർത്തലാക്കിയ ബസ്സുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ആധുനിക നിലവാരമുള്ള ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.